നം. ഇ.എസ്2/40318/2017

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
തീയതി: 8/6/2018

# നോട്ടീസ്

വിഷയം:- ആ.വ.ഡ – സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ. സാമുവൽ ജോൺ ജെ.ഡി. സീനിയർ ക്ലാർക്ക് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1) 25/5/2018–ലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/10977/18 നമ്പർ കത്ത്.

2) സർക്കാർ ഉത്തരവ് (എം.എസ്.) നം 226/94/ആ.കു.വ. തീയതി 24/9/94.

3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ.ഡി1/940321/94 തീയതി 1/10/94ലെ ഉത്തരവ്.

4) ഉത്തരവ് നം. ഇ.ഡി1/94032/94/ആ.വ.ഡ/ തീയതി 1/10/94.

5) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ.ഡി2/91984/96 എന്ന 16/10/96ലെ ഉത്തരവ്.

6) ഉത്തരവ് നം. ഇ.ഡി1/20007/07/ആ.വ.ഡ/തീയതി 15/6/07.

7) ഇ.എസ്.2/30876/09/ആ.വ.ഡ തീയതി 30/11/2009ലെ ഉത്തരവ്.

സീനിയർക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ സീനിയർ ക്ലാർക്ക് ശ്രീ. സാമുവൽ ജോൺ ജെ.ഡി.യുടെ അപേക്ഷ സൂചന (1) പ്രകാരം അയച്ച് തന്നിരിക്കുന്നു.

ശ്രീ. സാമുവൽ ജോൺ ജെ.ഡി. സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൻെറയും സൂചന (3) പ്രകാരം ഉള്ള നിയമന ഉത്തരവിൻെറയും അടിസ്ഥാനത്തിൽ ക്ലാർക്കായി 3.10.94ന് സർവ്വീസിൽ പ്രവേശിച്ചു.

സൂചന (4) പ്രകാരമുള്ള ക്ലാർക്കുമാരുടെ 1/1/94 മുതൽ 31/3/97 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാന് 20–റാങ്ക് നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു.

ടിയാൻ എം.ഒ.പി. പാസ്സായത് ഡിസംബർ 92നാണ്. ഇതിൻെറ അടിസ്ഥാനത്തിൽ സൂചന (5) പ്രകാരം പരിവിക്ഷാകാലം പൂർത്തിയാക്കുകയും ചെയ്തു. അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയത് 12/92ലാണ്. ആയതിൻെറ അടിസ്ഥാനത്തിൽ സൂചന (6) പ്രകാരമുള്ള ഉത്തരവിൻെറ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ സൂചന (7) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ 17/6/00 മുതൽ 31/8/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ടിയാൻെറ പേര് ഉൾപ്പെട്ടിരുന്നില്ല.

ഈ സാഹചര്യത്തിൽ ശ്രീ. സമുവൽ ജോൺ ജെ.ഡി. ജോലിയിൽ പ്രവേശിച്ച ഉത്തരവുകൾ, പരിവീക്ഷാകാലം പൂർത്തിയാക്കിയ തീയതി, വകുപ്പ് തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി, സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നേടിയ തീയതി എന്നിവ പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ 17/6/00 മുതൽ 31/8/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 220 എ ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൽ.ഡി.സി. തസ്തികയിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിച്ച റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|---|
| 1) | S.R. Sindhu | 24/5/72 | 10/10/94 | MoP 6/98 AT(L) 6/98 | 19 / 94/97 | 220 | ----- | 19/5/2003 |
| 2) | Samuel John J.D. | 28/05/64 | 03/10/94 | MoP 12/92 AT (L) 12/92 | 20 / 94/97 | ---- | 220A | 19/5/2003 |
| 3) | M.K. Prasad | 15/5/61 | 4/1/98 | MoP 11/88 AT (L) 12/95 | 21 / 94/97 | 221 | ------ | 19/5/2003 |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

(ഒപ്പ്)
ശ്രീ. അജയമോഹൻ സി.എം.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:
1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ.ഡി. സെക്ഷൻ
5) ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്